"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ആഭ്യന്തര വകുപ്പ് - ജയിലുകൾ - ജയിൽ സ്ഥാപനങ്ങളിലെ തടവുകാർക്കുള്ള ഡയറ്റ് പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആഭ്യന്തര (ബി) വകുപ്പ്

സ.ഉ.(കൈ) നം.141/2021/ആഭ്യന്തരം തീയതി,തിരുവനന്തപുരം, 04/08/2021

---

പരാമർശം:- ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസിന്റെ 07.04.2021 ലെ WP1-19184/2010/PrHQ നമ്പർ കത്ത്

ഉത്തരവ്

ജയിൽ ചട്ട പ്രകാരമുള്ള അളവിൽ തടവുകാർക്കുള്ള ഭക്ഷണം പാകം ചെയ്യുന്നതിലൂടെ വളരെയധികം ഭക്ഷണം പാഴാകുന്നതിനാൽ തടവുകാർക്കുള്ള ഭക്ഷണത്തിന്റെ അളവ്, വിതരണം എന്നിവ സംബന്ധിച്ച് വിശദമായ പഠനം നടത്തുന്നതിനായി ഒരു വിദഗ്ധ കമ്മിറ്റി രൂപീകരിക്കുകയും ICMR മാർഗ്ഗനിർദേശങ്ങൾ അനുസരിച്ച് Diet scale തയ്യാറാക്കി ടി കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തുവെന്നും പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡയറ്റ് പുനക്രമീകരിക്കണമെന്നും പരാമർശിത കത്ത് പ്രകാരം ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് അഭ്യർത്ഥിച്ചിരിക്കുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ഇത് സംബന്ധിച്ച് താഴെപ്പറയുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു :-

(i) ജയിൽ സ്ഥാപനങ്ങളിലെ തടവുകാർക്കുള്ള ഡയറ്റ് താഴെപ്പറയുന്ന പ്രകാരം ക്രമീകരിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | ഭക്ഷണ സാധനത്തിന്റെ പേര് | നിലവിലുള്ള അളവ് | ക്രമീകരിച്ച അളവ് |
|---|---|---|---|
| 1 | അരി | 450 ഗ്രാം | 400 ഗ്രാം |
| 2 | റവ | 150 ഗ്രാം | 200 ഗ്രാം |
| 3 | ഉപ്പ് | 45 ഗ്രാം | 20 ഗ്രാം |
| 4 | കപ്പ | 340 ഗ്രാം | 250 ഗ്രാം |

(ii) ഉപ്പുമാവിനൊപ്പം പഴത്തിന് പകരം 50 ഗ്രാം ഗ്രീൻപീസിന്റെ കറി നൽകാനും ആയതിന് ആവശ്യമായ ചേരുവകൾ ചുവടെപ്പറയും പ്രകാരം അധികമായി അനുവദിച്ചും ഉത്തരവാകുന്നു.

| | ചേരുവയുടെ പേര് | അളവ് |
|---|---|---|
| 1 | സവാള | 13 ഗ്രാം |
| 2 | ഇഞ്ചി | 1.25 ഗ്രാം |

| | | |
|---|---|---|
| 3 | ഗരംമസാല | 1.25 ഗ്രാം |
| 4 | മുളക് | 3.5 ഗ്രാം |
| 5 | മല്ലി | 2.5 ഗ്രാം |
| 6 | മഞ്ഞൾ | 325 മി.ഗ്രാം |
| 7 | പച്ചമുളക് | 625 മി.ഗ്രാം |
| 8 | വെളുത്തുള്ളി | 60 മി.ഗ്രാം |
| 9 | ചെറിയ ഉള്ളി | 625 മി.ഗ്രാം |
| 10 | വെളിച്ചെണ്ണ | 2.5മി.ഗ്രാം |
| 11 | കടുക് | 60 മി. ഗ്രാം |
| 12 | ഉപ്പ് | 2.5 ഗ്രാം |

(iii ) കടുക്, ഉലുവ, ജീരകം എന്നിവ നിലവിൽ അനുവദിച്ചിട്ടുള്ള അളവിനെക്കാൾ 100 മില്ലിഗ്രാം അധികമായി അനുവദിച്ചും തടവുകാർക്ക് അനുവദിച്ച ഭക്ഷ്യ വസ്തുക്കൾ പാകം ചെയ്യുന്നതിനാവശ്യമായ അധിക ഗ്യാസ്, ലോക്കപ്പ് 100 ൽ കുറവായ ദിവസങ്ങളിൽ 200 ഗ്രാമും.100-ൽ കൂടുതലായ ദിവസങ്ങളിൽ 180 ഗ്രാമും ആക്കി വർധിപ്പിക്കാൻ അനുവദിച്ചും. സദ്യയ്ക്കുള്ള തുക 50 രൂപയായി വർദ്ധിപ്പിച്ചും ഉത്തരവാകുന്നു.

3) 2014-ലെ കേരളാ പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുഭാഷ് ആർ
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിംഗ്
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Jijimon.r
Date: 05-08-2021 10:41:58
Reason: Approved
സെക്ഷൻ ഓഫീസർ